# മലമേൽ ഇരിക്കുന്ന യഹോവയുടെ പട്ടണം

**മത്തായി 5:14**

'നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു. മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല.'

കർത്താവായ യേശുക്രിസ്തു ലോകത്തിന്റെ വെളിച്ചമായി അവതരിച്ചവനാണെന്ന് നമുക്കറിയാം. അതുപോലെതന്നെ ക്രിസ്തുയേശുവിൽ കൂടി സ്വർഗ്ഗീയപിതാവിന്റെ മക്കളായിത്തീർന്ന നാമും ലോകത്തിന്റെ വെളിച്ചമാകുന്നുവെന്ന് ഈ കുറിവാക്യം നമ്മെ ഓർമ്മിപ്പിക്കുകയാണ്. ദുഷ്ടന്റെ അധീനതയിൽ കിടക്കുന്ന ഇരുൾമൂടിയ ഈ ലോകത്തിൽ കർത്താവിന്റെ മാർഗ്ഗദീപങ്ങളായി നമ്മെ ഓരോരുത്തരെയും അവിടുന്ന് വിളിച്ചു വേർതിരിച്ചിരിക്കുന്നു എന്ന സത്യം നാം മറന്നുപോകരുത്.

ഈ ലോകത്തിന്റെ മക്കളെപ്പോലെ ആയിത്തീരുവാനല്ല, മറിച്ച് ക്രിസ്തുവിന്റെ നിഷ്കളങ്കമക്കളായി തീരുവാൻ അനേകരെ നേർവഴി കാണിക്കുവാൻ നമ്മൾ കടപ്പെട്ടവരാകുന്നു. ഒരുപക്ഷേ ലോകക്കാരോടൊപ്പം നാം കൂട്ടുകൂടാതെ നേരായ മാർഗ്ഗത്തിൽ നടക്കുമ്പോൾ നമുക്ക് ചില കൂട്ടുകാർ നഷ്ടമായെന്നു വന്നേക്കാം. എഫെസ്യർ 5 –ൽ നാം വായിക്കുന്നതുപോലെ ചീത്തത്തരം, പൊട്ടച്ചൊൽ, കളിവാക്ക് ഇങ്ങനെ ചേർച്ചയില്ലാത്തവയൊന്നും അരുത്, സ്തോത്രമത്രേ വേണ്ടത്. വിരോധി നമ്മെക്കൊണ്ട് ഒരു തിന്മയും പറയാതിരിക്കുവാൻ സകലത്തിലും നമ്മെ മാതൃകയാക്കി കാണിക്കേണം.

എഫെസ്യർ 5:9 ഇപ്രകാരം പറയുന്നു; കർത്താവിൽ പ്രസാദമായത് എന്തെന്ന് പരിശോധിച്ചുകൊണ്ട് വെളിച്ചത്തിലുള്ളവരായി നടന്നുകൊൾവിൻ. സകല സദ്ഗുണവും നീതിയും സത്യവുമല്ലോ വെളിച്ചത്തിന്റെ ഫലം. ഇരുട്ടിന്റെ നിഷ്ഫലപ്രവർത്തികളിൽ കൂട്ടാളികൾ ആകരുത്. അവയെ ശാസിക്കുകയത്രെ വേണ്ടത്.

ആകയാൽ ഏതുമനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചമാകുന്ന കർത്താവായ യേശുക്രിസ്തു നമ്മിൽ ഇരിക്കുന്നതുകൊണ്ട് നാം ഇനി ഇരുളിലുള്ളവരല്ല. ആ ജീവന്റെ വചനങ്ങൾ അനേകർക്ക് വഴി കാണിച്ചു കൊടുക്കുവാൻ തക്കവണ്ണം നമുക്ക് ഇടയാകട്ടെ. അപ്രകാരം യഹോവയുടെ തേജസ്സു നിറഞ്ഞ പട്ടണങ്ങളായ നാം ഓരോരുത്തരും മറഞ്ഞിരിക്കുവാനുള്ളവരല്ല. നമ്മിൽ വലിയ ദൗത്യമാണ് കർത്താവ് തന്നിട്ടുള്ളത്. നമ്മോടുകൂടെയുള്ള കുടുംബത്തിന്, ചുറ്റുപാടുകൾക്ക്, ജോലിമേഖലയിലുള്ളവർക്ക് നാം ഒരു സത്യവെളിച്ചമായിത്തീരുവാൻ ഇടയാകട്ടെ.

അതിനായി ദൈവമായ കർത്താവ് നമ്മെ ഏവരെയും സഹായിക്കുമാറാകട്ടെ.

പരാമർശം :

സങ്കീർത്തനങ്ങൾ 119:105

'നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതെക്കു പ്രകാശവും ആകുന്നു'.

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 33